# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3901 11.11.2019 - ൽ മറുപടിയ്ക്ക്**

## മരുന്നുകളുടെ ദൗർലഭ്യം

| | ചോദ്യം<br>ശ്രീ.വി.അബ്ദുറഹിമാൻ : | | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി ) |
|---|---|---|---|
| (എ) | സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള ആരോഗ്യകേന്ദ്രങ്ങളിൽ മരുന്നിന്റെ അവശ്യകതയും ലഭ്യതയും തമ്മിൽ വലിയ അന്തരം നിലനില്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഓരോ സാമ്പത്തിക വർഷത്തേയും ബഡ്ജറ്റ് വിഹിതത്തിന് ആനുപാതികമായി സ്ഥാപനങ്ങൾ ഇൻഡന്റ് ചെയ്യേണ്ട അളവ് നിജപ്പെടുത്തി (ഫിനാൻഷ്യൽ ക്യാപ്പ്) നൽകുകയും അതനുസരിച്ച് ബന്ധപ്പെട്ട മേലധികാരി വഴി ക്രോഡീകരിച്ച് നൽകുന്ന ഇൻഡന്റിന്റെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ അഖിലേന്ത്യാ തലത്തിൽ ക്ഷണിക്കുന്ന മത്സരാധിഷ്ഠിത ഇ-ദർഘാസുകൾ മുഖേന മരുന്ന് സംഭരിച്ച് ഇൻഡന്റിന് അനുസൃതമായി വിതരണം നടത്തിവരുന്നുണ്ട്. |
| (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ഫണ്ടുകൾ ഉപയോഗിച്ചാലും മരുന്നുകളുടെ ദൗർലഭ്യം വ്യാപകമായി അനുഭവപ്പെടുന്നത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നും ഇനി എന്തൊക്കെയാണ് ചെയ്യാനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ; | (ബി) യും (സി) യും | ഇൻഡന്റ് മുഖേന ആവശ്യപ്പെടുന്ന മരുന്നുകൾ ആശുപത്രികൾക്ക് നൽകാറുണ്ട്. പ്രകൃതി ദുരന്തങ്ങളോ, മഴക്കാല പകർച്ചപ്പനികളോ, എച്ച്1എൻ1 പനി, നിപ്പാ വൈറസ് ബാധ തുടങ്ങിയവ ഉണ്ടായിട്ടുള്ള സാഹചര്യത്തിലും മരുന്നുകളുടെ ദൗർലഭ്യം ഉണ്ടാകാനുള്ള സാദ്ധ്യത മുന്നിൽക്കണ്ട് ആവശ്യാനുസരണം മരുന്നുകൾ സംഭരിച്ച് നൽകിയിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ഫണ്ടുകൾ ഉപയോഗപ്പെടുത്തിയും, അടിയന്തിര ഘട്ടങ്ങളിൽ ആശുപത്രികളുടെ തനത് ധനസ്രോതസ് ഉപയോഗിച്ചും പ്രാദേശികമായും മരുന്നുകൾ സംഭരിച്ച് നൽകാറുണ്ട്. |
| (സി) | മരുന്നുകളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ? | | |

സെക്ഷൻ ആഫീസർ